പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 164 **26-10-2026-ൽ മറുപടിയ്ക്ക്**

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓർഗൻ ആൻഡ് ടിഷ്യൂ ട്രാൻസ് പ്ലാന്റിന്റെ നിർമ്മാണ പുരോഗതി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. എം. വിജിൻ

ശ്രീ. പി. എ. മുഹമ്മദ് റിയാസ്

ശ്രീ. പി. കെ. പ്രവീൺ

ശ്രീ. കാരായി രാജൻ

മറുപടി നൽകിയ മന്ത്രി

ശ്രീ. കെ. മുരളീധരൻ

(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

(എ) മുൻ സർക്കാരിന്റെ കാലത്ത് നിർമ്മാണോദ്ഘാടനം നടത്തിയ കോഴിക്കോട് കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓർഗൻ ആൻഡ് ടിഷ്യൂ ട്രാൻസ്പ്ലാന്റിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി വ്യക്തമാക്കാമോ;

മറുപടി: കോഴിക്കോട് ആസ്ഥാനമായി കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓർഗൻ ആൻഡ് ടിഷ്യൂ ട്രാൻസ്പ്ലാന്റിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി സ.ഉ.(കൈ) നം.171/2025/ആ.കു.വ തീയതി 10.06.2025 പ്രകാരം കിഫ്ബി ധനസഹായത്തോടെ സർക്കാർ ₹643.88 കോടി രൂപയുടെ ഭരണാനുമതി നൽകുകയും തുടർന്ന് സ.ഉ.(സാധാ)നം.1114/2026/ആ.കു.വ തീയതി 15.03.2026 പ്രകാരം മേൽ തുക ₹651.45 കോടി ആയി ഉയർത്തി ഭരണാനുമതി പുതുക്കി നൽകുകയും ചെയ്തിട്ടുണ്ട്. ടി പ്രവർത്തിയുടെ നിർവ്വഹണ ഏജൻസി ആയി ഹൈറ്റ്സ്-നെ ആണ് നിയമിച്ചിട്ടുള്ളത്. ഒന്നാം ഘട്ട നിർമ്മാണ പ്രവർത്തികൾക്കായി കിഫ്ബി ₹319.94 കോടി രൂപയുടെ ഫണ്ട് സാങ്ഷൻ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾക്കായി ജാക്സൺ ലിമിറ്റഡ് എന്ന കമ്പനിക്ക് ഇപിസി (EPC) മോഡൽ നിർമ്മാണ പ്രവർത്തനങ്ങൾക്ക് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. കെട്ടിടത്തിന്റെ വിശദമായ രൂപകൽപ്പനയും, സൈറ്റിലെ പ്രാരംഭ പ്രവർത്തനങ്ങളും നടന്നുവരുന്നു.

(ബി) ഇൻസ്റ്റിറ്റ്യൂട്ടിനായി മുൻ സർക്കാർ 643.88 കോടി രൂപയുടെ പദ്ധതിക്ക് അംഗീകാരം നൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് 271 കോടി രൂപയായി കുറയ്ക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അങ്ങനെ കുറവ് ചെയ്യുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

മറുപടി: കോഴിക്കോട് ആസ്ഥാനമായി കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓർഗൻ ആൻഡ് ടിഷ്യൂ ട്രാൻസ്പ്ലാന്റിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി സ.ഉ.(കൈ) നം.171/2025/ആ.കു.വ തീയതി 10.06.2025 പ്രകാരം കിഫ്ബി ധനസഹായത്തോടെ സർക്കാർ ₹643.88 കോടി രൂപയുടെ ഭരണാനുമതി നൽകുകയും തുടർന്ന് സ.ഉ.(സാധാ)നം.1114/2026/ആ.കു.വ തീയതി 15.03.2026 പ്രകാരം മേൽ തുക ₹651.45 കോടി ആയി ഉയർത്തി ഭരണാനുമതി പുതുക്കി നൽകുകയും ചെയ്തിട്ടുണ്ട്. ടി പ്രവർത്തിയുടെ നിർവ്വഹണ ഏജൻസി ആയി ഹൈറ്റ്സ്-നെ ആണ് നിയമിച്ചിട്ടുള്ളത്. ഒന്നാം ഘട്ട നിർമ്മാണ പ്രവർത്തികൾക്കായി കിഫ്ബി ₹319.94 കോടി രൂപയുടെ ഫണ്ട് സാങ്ഷൻ

ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾക്കായി ജാക്സൺ ലിമിറ്റഡ് എന്ന കമ്പനിക്ക് ഇപിസി (EPC) മോഡൽ നിർമ്മാണ പ്രവർത്തനങ്ങൾക്ക് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. കെട്ടിടത്തിന്റെ വിശദമായ രൂപകൽപ്പനയും, സൈറ്റിലെ പ്രാരംഭ പ്രവർത്തനങ്ങളും നടന്നുവരുന്നു.

(സി) ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആദ്യഘട്ടം കോഴിക്കോട് മെഡിക്കൽ കോളേജിൽ ആരംഭിക്കുന്നതിനായി മുൻ സർക്കാരിന്റെ കാലത്ത് 60 തസ്തികകൾ സൃഷ്ടിച്ചിരുന്നോ; ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

മറുപടി: ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആദ്യ ഘട്ടം കോഴിക്കോട് മെഡിക്കൽ കോളേജിൽ ആരംഭിക്കുന്നതിനായി മുൻ സർക്കാരിന്റെ കാലത്ത് 60 തസ്തികകൾ സ.ഉ.(കൈ) നം. 433/2025/ആ.ക.വ തീയതി 22.12.2025 പ്രകാരം സൃഷ്ടിക്കുകയുണ്ടായി.അപ്രകാരം സൃഷ്ടിച്ച തസ്തികകളിൽ നിയമനം നടത്തിയിട്ടില്ല. ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി കോഴിക്കോട് മെഡിക്കൽ കോളേജിന്റെ PMSSY Block -ന്റെ ഒന്നാം നില സജ്ജീകരിച്ചിട്ടുണ്ട്.

(ഡി) ഏറ്റവും പ്രായം കുറഞ്ഞ അവയവദാതാവായി മാറിയ ആലിൻ ഷെറിൻ എബ്രഹാം എന്ന കുട്ടിയുടെ പേര് കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓർഗൻ ആൻഡ് ടിഷ്യൂ ട്രാൻസ്പ്ലാന്റിന് നൽകാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

മറുപടി: ഇക്കാര്യത്തിൽ തീരുമാനം കൈക്കൊണ്ടിട്ടില്ല.

സെക്ഷൻ ഓഫീസർ